# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *141** **05.02.2019 ലെ മറുപടിയ്ക്ക്**

**<u>എൻജിനീയറിംഗ് വിദ്യാഭ്യാസ നിലവാരം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ.ഷംസുദ്ദീൻ**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.ടി.വി.ഇബ്രാഹിം** | | **ഡോ.കെ.ടി.ജലീൽ**<br>**(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | ഗ്രാമീണ മേഖലയിലുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം ലഭിക്കാത്തതിനാൽ പ്രവേശന പരീക്ഷയിൽ മികവ് തെളിയിക്കാനാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ എൻജിനീയറിംഗ് കോളേജുകളിൽ ആയിരക്കണക്കിന് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് പരിഗണിച്ച് എൻജിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് മിനിമം മാർക്ക് വേണമെന്ന വ്യവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (ബി) | എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടുന്നതിനുള്ള മിനിമം മാർക്ക് ഒഴിവാക്കിയാൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നിലവാരത്തകർച്ചക്ക് കാരണമാകാൻ സാധ്യതയുണ്ട് എന്ന് ഡോ.ആർ.വി.ജി.മേനോന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി ശുപാർശ ചെയ്യുകയും അത് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ പ്രവേശന പരീക്ഷയ്ക്ക് മിനിമം മാർക്ക് വേണമെന്ന വ്യവസ്ഥ ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | എൻജിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (സി) | എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക് നിലവാരം ഉറപ്പ് വരുത്തുവാനായി ഒരു അക്കാദമിക് വർഷം രണ്ടു തവണ അക്കാദമിക് ഓഡിറ്റ് നടത്തി വരുന്നു. ഭാരതത്തിലെ ഒന്നാം നിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദഗ്ധർ നേതൃത്വം നൽകുന്ന ക്ലസ്റ്റർ കമ്മറ്റികൾ കോഴ്സുകളുടെ അക്കാദമിക് നിലവാരം ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതാത് പഠന മേഖലയിൽ നൂതന സാങ്കേതിക വിദ്യയിൽ നൈപുണ്യം നേടിയ വിചക്ഷണന്മാരുമായി സംവദിക്കാനുള്ള അവസരങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**